**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 182** — **10-06-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്നുള്ള ആരോഗ്യപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യമേഖലയെ ശക്തിപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്ന ആരോഗ്യമേഖലയിലെ സ്ഥാപനങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ജനങ്ങൾക്ക് മികച്ച ആരോഗ്യസേവനങ്ങൾ ഉറപ്പ് വരുത്തുന്നതിനുമായി മാനവവിഭവശേഷി, പശ്ചാത്തല വികസനം, മരുന്ന് വാങ്ങൽ, പാലിയേറ്റീവ് പരിചരണം, ഡയാലിസിസിന് വേണ്ട സാധനസാമഗ്രികൾ വിതരണം, ക്ഷയരോഗ ബാധിതർക്കുള്ള പോഷകാഹാര കിറ്റ് വിതരണം, ഡിസ്ട്രിക്റ്റ് ഏർലി ഇന്റർവെൻഷൻ സെന്റർ ശാക്തീകരണം, എയിഡ്സ് ബാധിതർക്കുള്ള പോഷകാഹാര പുനരധിവാസരോഗപ്രതിരോധ പദ്ധതി. അവയവമാറ്റ ശസ്ത്രക്രിയ ചെയ്ത രോഗികൾക്കുള്ള തുടർ ചികിത്സയും ആവശ്യമായ മരുന്ന് ലഭ്യമാക്കൽ എന്നിവയും ആരോഗ്യ അനുബന്ധ കാര്യങ്ങൾക്കായി രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള പ്രോജക്ടുകളും നടപ്പിലാക്കി വരുന്നുണ്ട്.<br><br>സാന്ത്വനം പദ്ധതി പ്രകാരം ഭവന സന്ദർശനം നടത്തി രോഗികൾക്ക് സാന്ത്വന പരിചരണം നൽകുന്ന കമ്മ്യൂണിറ്റി പാലിയേറ്റിവ് നഴ്സിനെ നിയമിക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പാണ്. കൂടാതെ ജീവിതശൈലീരോഗ നിയന്ത്രണത്തിനുള്ള ഹെൽത്തി ലൈഫ് ക്യാമ്പയിൻ, പുകയില വിരുദ്ധ പ്രവർത്തനങ്ങൾ, വ്യായാമം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ എന്നിവയും തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ചാണ് നടപ്പിലാക്കി വരുന്നത്.<br><br>തദ്ദേശ സ്വയം ഭരണ വകുപ്പുമായി ചേർന്ന് ആരോഗ്യ വകുപ്പ് 15-ാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് 2021 -22, 2022 - 23, 2023-24 സാമ്പത്തിക വർഷങ്ങളിലൂടെ ആറു സ്കീമുകളായി പദ്ധതികൾ |

| | | | |
|---|---|---|---|
| | | | ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ ചുവടെ കൊടുത്തിരിക്കുന്ന നാലു സ്കീമുകൾ ഗ്രാമീണ മേഖലയിലും രണ്ടു സ്കീമുകൾ നഗര മേഖലയിലും ആണ്.<br><br>1) കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്കും കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുവാൻ സഹായം - ഗ്രാമീണ മേഖല<br><br>2) ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം - ഗ്രാമീണ മേഖല<br><br>3) ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - ഗ്രാമീണ മേഖല<br><br>4) ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് ആൻഡ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ - ഗ്രാമീണ മേഖല<br><br>5) നഗര പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - നഗര മേഖല<br><br>6) അർബൻ ഹെൽത്ത് ആന്റ് വെൽനസ്സ് കേന്ദ്രങ്ങൾ - നഗര മേഖല |
| (ബി) | പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക, അവ വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്നിവ ലഭ്യമാക്കാമോ? | (ബി) | തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്ന തുകയിൽ നിന്നുള്ള വിഹിതമാണ് തദ്ദേശ സ്ഥാപനങ്ങൾ ആരോഗ്യ പ്രവർത്തനങ്ങൾക്കായി മാറ്റി വയ്ക്കുന്നത്.<br><br>പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കുന്നതിന് നാഷണൽ ഹെൽത്ത് മിഷൻ വഴി 140 ലക്ഷം രൂപയും, പ്ലാൻ വിഹിതം വഴി 150 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ ഫണ്ടുകൾക്കുള്ള പദ്ധതി തയ്യാറാക്കുന്നതും, ചെലവഴിക്കുന്നതും ആരോഗ്യ വകുപ്പാണ്. ആർദ്രം കേരളം പുരസ്കാര പദ്ധതിയ്ക്ക് 2024-25 എൻ.എച്ച്.എം ആർ ഒ പി യിൽ 279.52 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ